# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

SSLPS
VP THURUTH

AnyScanner

എസ്.എസ്.എൽ.പി. സ്കൂൾ വി.പി. തുരുത്ത്.

മാസ്റ്റർ പ്ലാൻ.

## ആമുഖം.

സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് ദീർഘകാല കാഴ്ചപ്പാടോടുകൂടി തയ്യാറാക്കിയതാണ് ഈ മാസ്റ്റർ പ്ലാൻ.

തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്ത് ഒരു ഹരിതതിലകം പോലെ നിലകൊള്ളുന്ന ഒരു കൊച്ചു ദ്വീപാണ് വലിയപണിക്കൻ തുരുത്ത്. 1979 ൽ അന്നത്തെ കൊടുങ്ങല്ലൂർ എം.എൽ.എ ആയിരുന്ന ശ്രീ വി.കെ. രാജൻ അവർകളുടെ ശ്രമഫലമായിട്ടാണ് ശ്രീദേവി സമാജം എൽ.പി. സ്കൂൾ സ്ഥാപിതമായത്. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വിദ്യാലയവും കുട്ടികളുമാണ് ~~[illegible]~~ ഇവിടം. എങ്കിലും പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിനും ആധുനിക സൗകര്യങ്ങൾ ഒരുക്കി സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി മികച്ച വിദ്യാലയമാക്കി മാറ്റാൻ ദീർഘകാല കാഴ്ചപ്പാടോടെ തയ്യാറാക്കിയ ഒരു സ്വപ്ന പദ്ധതി മാസ്റ്റർ പ്ലാൻ രൂപത്തിൽ അവതരിപ്പിക്കുന്നു.

AnyScanner

# ലക്ഷ്യങ്ങൾ-

* പാവപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ഉന്നത നിലവാരത്തിലെത്തിക്കുക.
* വിദ്യാഭ്യാസ മേഖലയിലെ ഉച്ചനീചത്വം അവസാനിപ്പിക്കുക.
* വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.
* വിദ്യാഭ്യാസം കച്ചവടം എന്ന കാഴ്ചപ്പാട് മാറ്റുക.
* വിദ്യാഭ്യാസം ജനകീയമാക്കുക.

# ചരിത്രം

കൊടുങ്ങല്ലൂർ കായലിൽ അതിമനോഹരമായ ഒരു ഹരിത തിലകം പോലെ തൃശ്ശൂർ ജില്ലയുടെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ദ്വീപാണ് വലിയപണിക്കൻ തുരുത്ത്. ഈ ദ്വീപിൽ വിദ്യാഭ്യാസ സൗകര്യം ഇല്ലാതിരുന്നത് കൊണ്ട് അടുത്തുള്ള പ്രദേശങ്ങളിലെ സ്കൂളിലെത്താൻ വഞ്ചിയാത്ര അനിവാര്യമായിരുന്നു. യാത്രാക്ലേശവും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അജ്ഞതയും നിമിത്തം ആർക്കും വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള അവസരം ലഭിച്ചിരുന്നില്ല. അതുകൊണ്ട് ഇവിടെ അധികം ആളുകളും നിരക്ഷരരായിരുന്നു. ഈ സാഹചര്യത്തിലാണ് ഇവിടെയൊരു സ്കൂൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചത്. അന്തരിച്ച കൃഷി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി.കെ. രാജൻ എം.എൽ.എ. ആയിരിക്കുമ്പോൾ ഗവൺമെന്റ് തലത്തിൽ വിദ്യാലയത്തിന് വേണ്ടി പരിശ്രമിക്കുകയും പ്രസ്തുത ആവശ്യം മുൻനിറുത്തി ശ്രീദേവി സമാജം എന്ന സംഘടനയ്ക്ക് രൂപം നൽകുകയും ചെയ്തു. അങ്ങിനെ 1979 ൽ ജൂൺ മാസത്തിൽ താൽക്കാലിക

ശാലമെട്ടയിൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് ഓട് മേഞ്ഞ പുതിയ കെട്ടിടം പണിയുകയും ക്ലാസ്സുകൾ അതിലേക്ക് മാറ്റുകയും ചെയ്തു. ആരംഭം മുതൽ ഇതുവരെ ശ്രീ. ഒ. എം. ദിനകരനാണ് സ്കൂൾ മാനേജർ. വിദ്യാലയത്തിന്റെ തുടക്കത്തിൽ ശ്രീമതി. ടി. എസ് ശൈലജയായിരുന്നു ഹെഡ്മിസ്ട്രസ്. തുടക്കം മുതൽ തുരുത്തിലെ വിദ്യാർത്ഥികൾ മാത്രമേ ഇവിടെ പഠിച്ചിരുന്നുള്ളൂ. എങ്കിലും ആദ്യകാലഘട്ടത്തിൽ 100ൽ പരം കുട്ടികൾ ഉണ്ടായിരുന്നു. പിന്നീട് പാലം വന്നതോടുകൂടി വാഹനസൗകര്യം വർദ്ധിക്കുകയും കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കുക എന്ന ലക്ഷ്യം വച്ച് തുരുത്തിന് പുറത്തുള്ള സ്കൂളുകളിൽ ചേർക്കാൻ തുടങ്ങിയതോടുകൂടി കുട്ടികൾ കുറയുവാൻ തുടങ്ങി. ഈ അവസ്ഥ ഇന്നും തുടരുകയാണ്.

AnyScanner

## നിലവിലുള്ള അവസ്ഥ.

ഈ അധ്യയന വർഷം പ്രൈമറി ക്ലാസുകളിൽ വിദ്യാർത്ഥികളും പ്രീ-പ്രൈമറി ക്ലാസുകളിൽ കുട്ടികളുമാണ് പഠിക്കുന്നത്. 4 പോസ്റ്റുകളാണ് ഇവിടെ അനാദായകര വിദ്യാലയത്തിൽ മാനേജ്മെന്റിന് അധ്യാപകരെ നിയമിക്കാൻ പറ്റാത്ത സാഹചര്യത്തിൽ റിട്ടയർമെന്റ് വേക്കൻസിയിലേക്ക് ജില്ലയിലെ അധികമുള്ള അധ്യാപകരിൽ രണ്ടുപേരെ ഡി.ഡി.ഇ നിയമിച്ചിരിക്കുകയാണ്. പ്രീ-പ്രൈമറി ക്ലാസിൽ ഒരു അധ്യാപികയാണുള്ളത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഇവർക്ക് ഈ വിദ്യാലയം ആവശ്യവുമാണ്.

പഴക്കമേറിയ കെട്ടിടവും മറ്റു ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയും ഇംഗ്ലീഷ് മീഡിയം ക്ലാസ് മുറികളുടെ അഭാവവും ഈ വിദ്യാലയത്തിൽ നിന്നും വിദ്യാർത്ഥികളെ അകറ്റുന്നു. പുതിയ കെട്ടിടം പണിയാനുള്ള വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ മാനേജ്മെന്റിന് കഴിയാത്ത അവസ്ഥയിലുമാണ്. കുട്ടികളുടെ പഠനനിലവാരം ഉയർന്ന രീതിയിലാണ്. വിവിധങ്ങളായ പാഠ്യാനുബന്ധ പാഠ്യേതര

്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തിവരുന്നു. മേളകളിലും സമ്മാനങ്ങൾ വാങ്ങാൻ വിദ്യാലയത്തിന് കഴിഞ്ഞു. കുറച്ചു കുട്ടികളെ ഉള്ളുവെങ്കിലും അവരെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുവാൻ അധ്യാപകർക്കു കഴിയുന്നുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

* ഒരുവട്ടം കൂടി - രക്ഷിതാക്കൾക്ക് അസംബ്ലിയിൽ മികവ് പ്രദർശനത്തിനവസരം.
* കലോത്സവം.
* Little scientist.
* എന്റെ കേരളം. മലയാള സാഹിത്യ ലോകം.
* ഗണിത അസംബ്ലി.
* സർഗോത്സവം
* സുംബാ പരിശീലനം.
* ബോധവത്ക്കരണ ക്ലാസ്.
* ഉച്ചഭക്ഷണം. പോഷക സമൃദ്ധം.
* കളിമുറ്റം ഒരുക്കൽ
* കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം
* അറിയാം പറയാം.
* ഗണിതം മധുരം.
* Easy English
* ദിനാചരണങ്ങൾ.
* ആരോഗ്യ വിദ്യാഭ്യാസവും ഹെൽത്ത് ക്ലബ്ബ്.
* IEDC ക്ലബ്ബുകൾ
* PTA, SSG ശാക്തീകരിക്കൽ
* കാരുണ്യ കുടുക്ക.

* ഗൃഹസന്ദർശനം.
* പ്ലാസ്റ്റിക് രഹിത വിദ്യാലയം.
* LSS പരിശീലനം.
* കൃഷി.
* പൂന്തോട്ടം.
* ഉച്ച ഭക്ഷണം.
* ഒരു തൈ നടാം. (ജന്മദിന സമ്മാനം)
*

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| ഭാഷ.<br>* എല്ലാവരും വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ട്.<br>* ചിഹ്നങ്ങൾ തെറ്റിക്കുന്നു.<br>* അക്ഷരങ്ങൾ മാറിപ്പോകുന്നു. വിട്ടുപോകുന്നു.<br>* വാക്യഘടനയിൽ തെറ്റുവരുത്തുന്നു.<br>* ചിലർക്ക് ആശയം ക്രമം പാലിച്ചെഴുതാൻ കഴിയുന്നില്ല. | * എല്ലാവർക്കും ഒഴുക്കോടെ വായിക്കാൻ കഴിയുക.<br>* ചിഹ്നങ്ങൾ ഉറപ്പിക്കൽ.<br>* വാക്യഘടന പാലിച്ച് ആശയ ക്രമത്തോടെ എഴുതാൻ കഴിയുക. | * എല്ലാക്ലാസിലും വായനമൂല.<br>* വായനാസാമഗ്രികളുടെ നിർമ്മാണം.<br>* സംയുക്ത ഡയറി, സർഗാത്മക ഡയറി സാങ്കല്പിക ഡയറി രചനാപരിചയം കുറിപ്പ് അസംബ്ലിയിലും വായനയും.<br>* റീഡേഴ്സ് തിയേറ്റർ.<br>* എല്ലാ ദിവസവും വായനക്കവസരം.<br>* മലയാളത്തിളക്കം.<br>* ICT.<br>* അമ്മവായന പ്രോത്സാഹിപ്പിക്കുന്നു.<br>* നല്ല വായനക്കാരനെ കണ്ടെത്തി സമ്മാനം.<br>* കലോത്സവം | ക്ലാസ്സ് അധ്യാപകർ. | | 1:30 മു... 2:00 ... എല്ലാ ആഴ്ച... |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>മലയാള സാഹിത്യലോകം</u><br><br>കുട്ടികൾക്ക് ചെറുകഥകളും കവിതകളും വായിക്കാറുണ്ടെങ്കിലും കുട്ടികൾക്ക് സാഹിത്യകാരന്മാരെക്കുറിച്ച് വേണ്ടത്ര ധാരണയില്ല | * കേരളത്തിലെ സാഹിത്യകാരന്മാരെയും അവരുടെ കൃതികളും പരിചയപ്പെടുന്നതിന്.<br><br>* ആസ്വാദനത്തിന്റെ വിശാലമായ ലോകം കുട്ടികൾക്ക് മുന്നിൽ തുറന്നു കൊടുക്കുന്നതിന്. | * എല്ലാ വെള്ളിയാഴ്ചയും അസംബ്ലിയിൽ മലയാള സാഹിത്യലോകത്തെ വ്യക്തികളിൽ ഒരാളെ പരിചയപ്പെടുത്തുന്നു. | ക്ലാസ് അധ്യാപകർ | | വെള്ളി |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയ |
|---|---|---|---|---|---|
| കഥോത്സവം. കുട്ടികൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി കഥകൾ എഴുതുകയും പറയുകയും ചെയ്യുന്നുണ്ട്. എല്ലാ ആഴ്ചയും കുട്ടികൾ അസംബ്ലിയിൽ കഥകൾ അവതരിപ്പിക്കുന്നുണ്ട്. | * കഥകൾ ആസ്വദിക്കുന്നതിന്.<br>* വായിച്ച കഥകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നതിന്.<br>* ഗുണപാഠങ്ങൾ കേട്ട് പഠിക്കുന്നതിന്.<br>* സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് | * എല്ലാ ആഴ്ചയും അസംബ്ലിയിൽ കഥോത്സവം.<br>* സർഗവേളയിൽ കഥോത്സവം അവതരണം.<br>* | ക്ലാസ് അധ്യാപകർ | | ആഴ്ച |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| * ഇംഗ്ലീഷ്<br>• പരിചിതമായ ലഘു വാക്യങ്ങൾ വായിക്കാനറിയാം<br>• സ്വയം എഴുതുമെങ്കിലും ശരിയായ Sentence contruction നടക്കുന്നില്ല | • ഒഴുക്കോടുകൂടി വായിക്കുക<br>• കേട്ടകാര്യം മനസ്സിലാക്കുക<br>• സംസാരിക്കാൻ കഴിയുക<br>• സ്വയം എഴുതാൻ കഴിയുക | • ക്ലാസ് റൂം ഇംഗ്ലീഷ് മികവുറ്റതാക്കുന്നു<br>• റീഡിംഗ് കാർഡ്സ് വായനയ്ക്ക് നൽകുന്നു.<br>• ഒരു ദിവസം ഒരു ഇംഗ്ലീഷ് സ്റ്റോറി കേൾക്കാനവസരം<br>• ഈസി ഇംഗ്ലീഷ്<br>ആഴ്ചയിൽ ഒരു ദിവസം ടീച്ചറുടെ നേതൃത്വത്തിൽ പ്രൊനൗൺസിയേഷൻ ക്ലാസ് നൽകുന്നു.<br>• റോൾ പ്ലേ, ഡ്രാമ കൊറിയോഗ്രഫി<br>• ഇംഗ്ലീഷ് ഡയറി<br>• ഇംഗ്ലീഷ് ബാലസഭ<br>• ഇംഗ്ലീഷ് അസംബ്ലി | ക്ലാസ് അധ്യാപകർ | | 1.30 മുതൽ 2.00 വരെ ചൊവ്വ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം. |
|---|---|---|---|---|---|
| 1. ഗണിതം.<br>* എല്ലാ കുട്ടികൾക്കും സംഖ്യാ ബോധമുണ്ട്.<br>* ചതുഷ് ക്രിയകൾ ചിലർക്ക് ഇനിയും ഉറക്കേണ്ടതുണ്ട്.<br>* പ്രശ്നാപഗ്രഥനം മെച്ചപ്പെടേണ്ടതുണ്ട്. | * ചതുഷ്ക്രിയകൾ ഉറപ്പിക്കുക.<br>* സ്ഥാനവില ഉറപ്പിക്കുക.<br>* പ്രായോഗിക പ്രശ്നങ്ങൾ സ്വയം നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കുക.<br>* നാണയം, അളവുതൂക്ക ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ.<br>* ഗണിതം കൂടുതൽ ആസ്വാദ്യകരവും താല്പര്യജനകവുമാക്കൽ. | * ക്രിയാകേളി - ക്ലാസിസ്ഥാനത്തിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനം.<br>* എല്ലാവർക്കും ഗണിത കിറ്റ്.<br>* ICT.<br>* ഗണിത അസംബ്ലി.<br>* കുസൃതികണക്ക്, ഗണിത ക്വിസ്, പസിൽ, പാറ്റേൺ എന്നിവ എല്ലാ ചൊവ്വാഴ്ചയും നോട്ടീസ് ബോർഡിൽ.<br>* കൂടുതൽ പ്രായോഗിക പ്രശ്നങ്ങൾ നൽകുന്നു. | ക്ലാസ് അധ്യാപകർ. | PTA | 1.30 to 2 pm വരെ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം/കാലയളവ് |
|---|---|---|---|---|---|
| ഗണിത അസംബ്ലി<br>എല്ലാ പ്രവൃത്തിദിവസങ്ങളിലും ക്ലാസടിസ്ഥാനത്തിൽ ഗണിത അസംബ്ലി നടത്തിവരുന്നുണ്ട്. | * ഗണിതാഭിരുചി വർദ്ധിപ്പിക്കുക.<br>* ഗണിത പസിലുകൾക്ക് ഉത്തരം കണ്ടെത്തുക.<br>* ചിന്താശേഷി വർദ്ധിപ്പിക്കുക<br>* ഗണിതവുമായി ബന്ധപ്പെടുത്തി പ്രാർത്ഥന, പ്രതിജ്ഞ എന്നിവ കുട്ടികൾ ചൊല്ലുന്നതിന്.<br>* അസംബ്ലികൾ വ്യത്യസ്തത പുലർത്തുന്നതിന്. | * ഗണിത പ്രാർത്ഥന<br>* ഗണിത പ്രതിജ്ഞ<br>* ഗണിത പസിൽ<br>* ഗണിത പാട്ട്<br>* കുസൃതിക്കണക്കുകൾ<br>* സംഖ്യാ സൗന്ദര്യം<br>* സംഖ്യാവ്യാഖ്യാനം | ക്ലാസ് അധ്യാപകർ. | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| <u>പരിസര പഠനം</u><br>ഒന്ന്, രണ്ട് ക്ലാസുകളിൽ പരിസരപഠനക്ലാസുകൾ മലയാളത്തിൽ നടക്കുന്നതിനാൽ മൂന്ന്, നാല് ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയത്തിലേക്ക് മാറുമ്പോൾ ചില പദപ്രയോഗങ്ങൾ മനസിലാക്കാൻ ബുദ്ധിമുട്ടാണ്. പരീക്ഷണങ്ങൾ ചെയ്യാൻ കുട്ടികൾക്ക് ഇഷ്ടമാണ് | * പരിസര പഠനം കൂടുതൽ ആസ്വാദ്യകരമാക്കണം.<br>* പഠനയാത്ര, ഫീൽഡ് ട്രിപ്പ് കൂടുതൽ സംഘടിപ്പിക്കുക<br>* ലാബ് ഉപകരണങ്ങൾ സമാഹരിക്കുക. | * Little scientist എല്ലാവ്യാഴാഴ്ചയും അസംബ്ലിയിൽ ഒരു പരീക്ഷണം<br>* ആഴ്ചയിൽ ഒരു ദിവസം ഒരു കുട്ടി ഒരു ചെടിയെ പരിചയപ്പെടുത്തുക.<br>* മാസത്തിൽ ഒരു ദിവസം ഒരു ശാസ്ത്രജ്ഞനെ പരിചയപ്പെടുത്തണം<br>* എന്റെ കേരളം<br>എല്ലാ വെള്ളിയാഴ്ചയും ഓരോ ക്ലാസിൽ നിന്നും ഓരോ കുട്ടിയും കേരളത്തെ പരിചയപ്പെടുത്തുന്നു<br>* എല്ലാ കുട്ടികൾക്കും ശേഖരണം<br>* ഔഷധത്തോട്ട നിർമ്മാണം<br>* പൂന്തോട്ട നിർമ്മാണം | അധ്യാപകർ | |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം/കാലയളവ് |
|---|---|---|---|---|---|
| <u>ലിറ്റിൽ സയന്റിസ്റ്റ്</u><br>എല്ലാ വ്യാഴാഴ്ചകളിലും അസംബ്ലിയാൽ ക്ലാസടിസ്ഥാനത്തിൽ കുട്ടികൾ പലപല പരീക്ഷണങ്ങൾ ചെയ്തു വരുന്നു. ക്ലാസിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും പരീക്ഷണങ്ങൾ ചെയ്തുവരുന്നു. | * കുട്ടികളിൽ ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കുക.<br>* പരീക്ഷണ സാമഗ്രികൾ കൈകാര്യം ചെയ്യാനും പരീക്ഷണങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ രൂപീകരിക്കാനും ശേഷി നേടുന്നതിന്<br>* പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിന്. | * എല്ലാ വ്യാഴാഴ്ചകളിലും അസംബ്ലിയിൽ ഓരോ കുട്ടികൾ വീതം [illegible] അവതരിപ്പിക്കുന്നു.<br>* പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>* പരിസരപഠനക്ലാസുകളിൽ പലപല പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ക്ലാസ് അധ്യാപകർ. | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br><br>പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സ്കൂൾതലത്തിൽ നടത്തി വരുന്നു. | * ദിനാചരണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന്.<br><br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | * ഓരോ ദിനാചരണങ്ങളും അതിന്റെ പ്രാധാന്യത്തോടുകൂടി ക്ലാസ് സമയങ്ങൾ നഷ്ടമാവാതെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്നു. | അധ്യാപകർ | | 1 വർഷം |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| **അറിയാം പറയാം**<br>അസംബ്ലിയിൽ എല്ലാദിവസവും വൈവിധ്യമാർന്ന ചോദ്യങ്ങൾ ചോദിക്കുകയും കുട്ടികൾ ഉത്തരം കണ്ടെത്തി വരികയും ചെയ്യാറുണ്ട്. 50 ചോദ്യങ്ങൾ തികയുമ്പോൾ ക്വിസ് മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങളും നൽകിവരുന്നു. | * കുട്ടികളിൽ പൊതു- വിജ്ഞാനം വളർത്തുന്നതിന്<br>* കണ്ടെത്തൽ പഠനത്തിന്റെ സാധ്യത വളർത്തുന്നതിന്. | * എല്ലാദിവസവും കുട്ടികളുടെ അസംബ്ലിയിൽ കുട്ടികൾക്കായി ഒരു ചോദ്യം അവതരിപ്പിക്കുന്നു. കുട്ടികൾ അടുത്ത ദിവസം ഉത്തരം കണ്ടെത്തി അസംബ്ലിയിൽ പറയുന്നു. | അധ്യാപകർ | | തിങ്കൾ മുതൽ വെള്ളി |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| ആരോഗ്യ - വിദ്യാഭ്യാസം ഹെൽത്ത് ക്ലബ്ബ് മാസത്തിൽ ഒരു ദിവസം ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകി വരുന്നു. | കുട്ടികളിൽ നല്ല ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുക ആരോഗ്യമുള്ള ഭാവി തലമുറയെ സൃഷ്ടിക്കുക. | എല്ലാ മാസവും യോഗം ചേരുന്നു. ഓരോ ക്ലാസിൽ നിന്നും ഓരോ കുട്ടികളെ തിരഞ്ഞെടുത്ത് വ്യക്തി ശുചിത്വ പരിസര ശുചിത്വം എന്നിവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. ചെറിയ ചെറിയ വ്യായാമങ്ങൾ ചെയ്തു വരുന്നു | രശ്മി ടീച്ചർ | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>LSS പരിശീലനം</u><br><br>എല്ലാ വിഷയത്തിനും A+ ലഭിച്ച കുട്ടികളെ അധ്യാപകരുടെ നേതൃത്വത്തിൽ LSS പരിശീലനം നടത്തിവരുന്നു. | * സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും LSS സ്കോളർഷിപ്പിനർഹരാക്കുക. | അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ വിഷയം തിരിച്ച് കുട്ടികൾക്ക് ഉച്ചയ്ക്ക് ശേഷം അര മണിക്കൂർ വീതം LSS പഠന പരിശീലനം നടത്തുന്നു. | അധ്യാപകർ | | ഒരു വർഷം |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| ഐ.ടി<br>* ഒരു കമ്പ്യൂട്ടറെ പ്രവർത്തിക്കുന്നുള്ളൂ<br>* രണ്ട് ലാപ്ടോപ്പുകൾ ഉണ്ട്<br>* കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നുണ്ട്<br>* ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ICT സാധ്യത പ്രയോജനപ്പെടുത്തുന്നുണ്ട് | * എല്ലാ കുട്ടികൾക്കും പഠനം കൂടുതൽ ആസ്വാദ്യകരമാക്കുക<br>* എല്ലാ കുട്ടികളെയും കമ്പ്യൂട്ടർ സാക്ഷരരാക്കൽ | * ഓരോ ക്ലാസിലെയും അധ്യാപകർ ICT സാധ്യത പ്രയോജനപ്പെടുത്താവുന്ന പാഠഭാഗങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നു.<br>* ഗണിതം, ഭാഷ EVS എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | അധ്യാപകർ | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>സുംബ</u><br>കുട്ടികൾ അസംബ്ലിയിൽ കായിക പരിശീലനത്തിന്റെ ഭാഗമായി വ്യായാമങ്ങൾ ചെയ്യാറുണ്ട്. | * കുട്ടികളുടെ ശാരീരിക-മാനസിക-ആരോഗ്യം വർദ്ധിപ്പിക്കുന്നതിന്.<br>* കായികക്ഷമത വർദ്ധിപ്പിക്കുന്നതിന്. | * എല്ലാ ദിവസവും അസംബ്ലിയിൽ മ്യൂസിക് With സുംബ പരിശീലിപ്പിക്കുന്നു. | അധ്യാപകർ | | തിങ്കൾ to വെള്ളി |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- | --- |
| <u>സർഗവേള</u><br>എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പിരീഡ് <u>സർഗവേള</u> നടത്തി വരുന്നു. | * കുട്ടികളുടെ കലാ - സാഹിത്യ മേഖലയിലെ അഭിരുചി വർദ്ധിപ്പിക്കുന്നതിന്<br>* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വേദിയിൽ സ്വതന്ത്രമായി അവതരിപ്പിക്കൽ. | * എല്ലാ <u>വെള്ളി</u>യാഴ്ചയും അവസാനത്തെ പിരീഡ് <u>സർഗവേള</u> നടത്തുന്നു. | സ്കൂൾ ലീഡർ | | വെള്ളി |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- | --- |
| കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം<br><br>പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നതും അല്ലാത്തതുമായി കലാ-കായിക-പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും നടത്തി വരുന്നു. | * കുട്ടികളിൽ കലാകായിക പ്രവൃത്തി പരിചയ ശേഷി വളർത്തുന്നതിന്.<br><br>* കായികശേഷി വർദ്ധിപ്പിക്കുന്നതിന്<br><br>* നിർമ്മാണ പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിന്.<br><br>* സർഗ്ഗാത്മക ശേഷി വളർത്തുന്നതിന്. | * പാഠ്യപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതും പാഠ്യേതര വിഷയങ്ങളിൽ ഉൾപ്പെടുന്നതുമായ കലാ-കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങൾ അനുവദിച്ച പിരീയഡുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു. | ക്ലാസ് അധ്യാപകർ | | അനുവദിച്ച പിരീയഡ്. |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| ഉച്ചഭക്ഷണം പോഷകസമൃദ്ധം<br>എല്ലാ ദിവസവും രണ്ടു കറികളോടു കൂടി പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകി വരുന്നു. ആഴ്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും നൽകി വരുന്നു. | സമഗ്ര പോഷകാഹാരം കുട്ടികളിലേക്ക് എത്തിക്കുക. നല്ല ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക. | പോഷക സമൃദ്ധവും രുചികരവും വൃത്തിയുള്ളതുമായ ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകൽ. വിദ്യാലയത്തിലെ പച്ചക്കറിത്തോട്ടത്തിലുള്ള വിഭവങ്ങൾ ഉപയോഗിച്ച് വിഷാംശമില്ലാത്ത ആഹാരം കുട്ടികളിലേക്ക് എത്തിക്കുന്നു. | വനിത ടീച്ചർ | കേന്ദ്രം സംസ്ഥാനം | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>ഉച്ചഭക്ഷണം</u><br>മാസത്തിൽ രണ്ടു തവണ സ്പോൺസർഷിപ്പിലൂടെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു | കൂടുതൽ സ്പോൺസർഷിപ്പോടു കൂടി കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണം മാസത്തിൽ കൂടുതൽ ദിവസങ്ങളിലേക്ക് ഉയർത്തുക. | പൂർവ്വ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും, സംഘടനകളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നു. | PTA | വ്യക്തികൾ സംഘടനകൾ | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- | --- |
| * ഒരു വട്ടം കൂടി<br>എല്ലാ തിങ്കളാഴ്ചയും കുട്ടികളുടെ രക്ഷിതാക്കൾ സ്കൂൾ അസംബ്ലിയിൽ ഓരോരുത്തരായി എത്തി വിഭവങ്ങൾ അവതരിപ്പിക്കുന്നു. | രക്ഷിതാക്കളുടെ വിഭവങ്ങൾ കുട്ടികളിൽ ആത്മവിശ്വാസവും ഉണ്ടാക്കുകയും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഉത്സുകരാക്കുകയും ചെയ്യുക | എല്ലാ തിങ്കളാഴ്ചയും ഓരോ ക്ലാസിലെ ഓരോ കുട്ടിയുടെയും രക്ഷിതാവ് അസംബ്ലിയിൽ എത്തി ചേർന്ന് കഥ, കവിത, നാടൻ പാട്ട്, പരീക്ഷണം അനുഭവങ്ങൾ എന്നിവ അവതരിപ്പിക്കുന്നു.<br>ഒരു വട്ടം കൂടി പരിപാടിയിൽ പങ്കെടുക്കുന്ന എല്ലാ രക്ഷിതാക്കൾക്കും സ്കൂൾ വാർഷികാഘോഷത്തിന് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. | ലക്ഷ്മി | PTA | എല്ലാ തിങ്കളാഴ്ചയും |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| <u>കാരുണ്യ കുടുക്ക</u><br>സ്കൂളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായത്തിനായി ഒരു കാരുണ്യ കുടുക്കയിൽ കുട്ടികൾ അവർക്ക് കഴിയുന്ന രീതിയിലുള്ള സംഭാവനകൾ നൽകി വരുന്നു. | * കുട്ടികളിൽ സഹജീവി സ്നേഹ മനോഭാവം വളർത്തുന്നതിന്<br>* സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | കുട്ടികൾക്ക് ലഭ്യമാകുന്ന Pocket money യിൽ നിന്നും ചെറിയൊരു തുക പാവപ്പെട്ടവർക്ക് നൽകുന്നതിന് കാരുണ്യകുടുക്കയിൽ നിക്ഷേപിക്കുന്നു. | ക്ലാസ് ടീച്ചർ | | ഒരു വർഷം. |

| നിലവിലെ അവസ്ഥ | ലക്ഷ്യം | (2) പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം/ കാലയളവ് |
|---|---|---|---|---|---|
| ബോധവൽക്കരണ ക്ലാസുകൾ<br><br>നിലവിൽ വിദ്യാലയത്തിൽ അധ്യാപികമാർക്കും കുട്ടികൾക്കും വിവിധ ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. | * ലഹരിക്കെതിരെ, ,<br>* മഴക്കാലരോഗങ്ങൾക്കെതിരെ<br>* പരിസ്ഥിതി മലിനീകരണത്തിനെതിരെ<br>* കൗമാരരോഗങ്ങളെക്കുറിച്ച്<br>* വ്യക്തിശുചിത്വം പരിസരശുചിത്വം.<br>* കുട്ടികളുടെ മാനസികാരോഗ്യം<br>* മൊബൈൽ ഫോണിന്റെ അമിത ഉപയോഗം<br>അവയ്ക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ നൽകുക | * വിവിധ സംഘടനകളുടെയും വകുപ്പുകളുടെയും സഹകരണത്തോടെ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും വിവിധ ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. | PTA<br>വിവിധ വകുപ്പുകൾ<br>വിവിധ സംഘടനകൾ. | PTA | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം/ കാലയളവ് |
|---|---|---|---|---|---|
| PTA, SSG ശാക്തീകരണം.<br><br>PTA, SSG ഇവയുടെ പ്രവർത്തനം കുറച്ചു വർഷമായി വളരെ നല്ലരീതിയിൽ നടക്കുന്നുണ്ട്. | * നിലവിലെ അവസ്ഥയിൽ നിന്നും PTA, SSG ഇവ കൂടുതൽ മെച്ചപ്പെടുത്തുക.<br>* ഇതിലൂടെ വിദ്യാലയ വികസനം സാധ്യമാക്കുക. | * അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബോണ്ടിംഗ് ശക്തമാക്കുക.<br>* ഗൃഹസന്ദർശന പരിപാടികൾ നടത്തുന്നു.<br>* രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.<br>* കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് വിനോദയാത്രകൾ നടത്തുന്നു.<br>* കുട്ടികളുടെ വിജയങ്ങൾ PTA യിൽ അവതരിപ്പിക്കുന്നു.<br>* ഒരുവട്ടം കൂടി പരിപാടി നടത്തുന്നു. | PTA SSG. | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- | --- |
| ഗൃഹ - സന്ദർശനം<br>പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ സാമൂഹ്യ ജീവിത സാഹചര്യ ചുറ്റുപാടുകൾ അറിയുന്നതിന് ഗൃഹസന്ദർശനം നടത്താറുണ്ട്, | * സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ജീവിത സാഹചര്യങ്ങൾ മനസിലാക്കുന്നതിനും ചുറ്റുപാടുകൾ മനസിലാക്കുന്നതിന്. | ഒരു മാസവും സ്കൂളിലെ നാലോ - അഞ്ചോ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് കുട്ടികളുടെ സാമൂഹിക ഭൗതിക ജീവിത സാഹചര്യങ്ങൾ മനസിലാക്കുന്നു. | അധ്യാപകർ PTA | | ഒരു വർഷം |

| നിലവിലെ - അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
| --- | --- | --- | --- | --- | --- |
| <u>കളിമുറ്റം ഒരുക്കൽ</u><br>കുട്ടികൾക്ക് കളിക്കുന്നതിനായി വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു ഊഞ്ഞാൽ മാത്രമേ കളിയുപകരണമായുള്ളൂ. കളിയുപകരണങ്ങളുടെ അഭാവം നിലവിൽ ഉണ്ട്. | * കുട്ടികൾക്ക് സുരക്ഷിതവും വിശാലവുമായ കളിമുറ്റവും കളിയുപകരണങ്ങളും ഒരുക്കൽ. | * PTAയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ റൈഡുകൾ ഒരുക്കുന്നു. | PTA SRG | 3 ലക്ഷം | 1 വർഷം |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം/ കാലയളവ് |
| --- | --- | --- | --- | --- | --- |
| പൂന്തോട്ടം<br>നിലവിൽ കുറച്ച് അലങ്കാര ചെടികൾ ഉണ്ട്. വിദ്യാലയത്തിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ പൂന്തോട്ടപരിപാലനം ശരിയായ രീതിയിൽ സാധ്യമാകുന്നില്ല. സാമൂഹ്യവിരുദ്ധരുടെ ശല്യമുണ്ട്. | * പൂന്തോട്ടം കൂടുതൽ വിപുലീകരിക്കുക, അലങ്കരിക്കുക.<br>* ഉദ്യാനപരിപാലനത്തിലൂടെ കുട്ടികളുടെ മാനസികവും ശാരീരികവുമായ ശേഷികൾ വികസിക്കുന്നു. | * പിറന്നാൾ സമ്മാനമായി കുട്ടികൾ കൊണ്ടുവരുന്ന ചെടികൾ നട്ട് പരിപാലിച്ച് സംരക്ഷിക്കുന്നു.<br>* | കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും. | വ്യക്തികൾ സംഭാവന നൽകി. | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| **കൃഷി**<br>ധാരാളം കൃഷിയോഗ്യമായ സ്ഥലമുണ്ടെങ്കിലും സാമൂഹ്യ വിരുദ്ധരുടെയും പ്രതികൂല ദുഷ്പ്രവൃത്തിയും കാലാവസ്ഥയും മൂലം കൃഷി വിളവ് കുറയുന്നു. | * പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് വൈവിധ്യമാർന്ന കൃഷി രീതികൾ പരിചയപ്പെടുന്നതിന്<br>* കാർഷിക മനോഭാവം വളർത്തുന്നതിന്<br>* വിവിധ കൃഷി രീതികൾ പരിചയപ്പെടുന്നതിന്. | കുട്ടികളുടെ നേതൃത്വത്തിൽ അധ്യാപകരുടെ പങ്കാളിത്തത്തോടെ സ്കൂൾ പരിസരത്ത് വിവിധ പച്ചക്കറി കൃഷികൾ നടത്തുന്നു. | അധ്യാപകർ വിദ്യാർത്ഥികൾ | | ഒരു വർഷം |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം. |
|---|---|---|---|---|---|
| ഒരു തൈ നടാം<br>ചുറ്റുമതിലില്ലാത്തതിനാൽ ഉദ്യാന പരിപാലനം, കൃഷി എന്നിവ നല്ല രീതിയിൽ നടത്താൻ കഴിയുന്നില്ല. | കുട്ടികളിൽ പരിസ്ഥിതി സൗഹൃദ അവബോധം സൃഷ്ടിക്കാൻ.<br>കൃഷിയിൽ താൽപര്യം ജനിപ്പിക്കാൻ. | കുട്ടികളുടെ ജന്മദിനങ്ങളിൽ ചട്ടിയോടുകൂടിയ ചെടി വിദ്യാലയത്തിലേക്ക് നൽകുന്നു<br>ഒരു കുട്ടി കൊണ്ടുവരുന്ന ചെടിയുടെ പരിപാലനം നാലാം ക്ലാസ് കഴിഞ്ഞു പോകുന്നതു വരെ ആ കുട്ടിയെ തന്നെ ഏൽപ്പിക്കുന്നു. | P T A | | വർഷം മുഴുവൻ |

| നിലവിലെ അവസ്ഥ | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | സമയം |
|---|---|---|---|---|---|
| പ്ലാസ്റ്റിക് ഫ്രീ വിദ്യാലയം<br><br>പ്ലാസ്റ്റിക് നിർമാർജ്ജന യജ്ഞത്തിന്റെ ഭാഗമായി പൂർണ്ണമായും പ്ലാസ്റ്റിക് രഹിത വിദ്യാലയമാക്കാൻ കുട്ടികൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകി വരുന്നു. | * പ്ലാസ്റ്റിക്കിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവാന്മാരാക്കുന്നതിന്<br><br>* പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിന്. | സ്കൂളിൽ സമ്പൂർണ്ണമായി പ്ലാസ്റ്റിക് നിരോധനം ഉപയോഗിച്ചുവരു-ന്നു. സ്കൂൾ ലീഡറുടെ നേതൃത്വ-ത്തിൽ സ്കൂൾ ഗ്രൗണ്ടിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് നൽകുന്നു. | സ്കൂൾ ലീഡർ<br>അധ്യാപകർ | | ഒരു വർഷം |